കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം- സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റി- സ്കൂളുകളിൽ മലയാള പഠനം നിർബന്ധിതമാക്കുന്നതിന് എസ്.സി.ഇ.ആർ.ടി സമർപ്പിച്ച പ്രായോഗിക നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്

സ.ഉ.(എം.എസ്)നം. 103/11/പൊ.വി. തിരുവനന്തപുരം, തീയതി: 06.05.2011

---

പരാമർശം: 1) സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി ഡയറക്ടറുടെ 24.01.11-ലെ കത്ത്.

2) സ.ഉ.(എം.എസ്)നം. 17/11/പൊ.വി. തിയ്യതി 31.1.11

3) എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 26.02.11- ലെ കത്ത്.

**ഉത്തരവ്**

മലയാള ഭാഷാ പഠനം സംബന്ധിച്ച് ശ്രീ. ആർ.വി.ജി. മേനോൻ ചെയർമാനായ കമ്മിറ്റിയുടെ റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ചുകൊണ്ടും ടി റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ പ്രായോഗിക റിപ്പോർട്ട് സമർപ്പിക്കാൻ എസ്.സി.ഇ.ആർ.ടി യെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം 2 പ്രകാരം ഉത്തരവാകുകയുണ്ടായി. ആയത് സംബന്ധിച്ച് പരാമർശം 3 പ്രകാരം എസ്.സി.ഇ.ആർ.ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1) സ്കൂളുകളിൽ മലയാളപഠനം നിർബന്ധിതമാക്കുന്നതിന് എസ്.സി. ഇ. ആർ. ടി. സമർപ്പിച്ച അനുബന്ധമായി ചേർത്തിട്ടുള്ള പ്രായോഗിക നിർദ്ദേശങ്ങൾ അംഗീകരിക്കുന്നു.

2) പ്രായോഗിക നിർദ്ദേശങ്ങളിൽ 1,2,3 എന്നിവ നടപ്പാക്കുന്നതിന് ആവശ്യമായ വിധം പീരിയേഡുകൾ ക്രമീകരിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പാക്കാൻ സഹായകമായ മാസ്റ്റർ ടൈംടേബിൾ ഉണ്ടാക്കുന്നതിനുള്ള ചുമതല ഡി.പി.ഐ യ്ക്ക് നൽകുന്നു.

3) പ്രായോഗിക നിർദ്ദേശങ്ങളിൽ 4,5 എന്നിവ നടപ്പാക്കുന്നത് സംബന്ധിച്ച് വിശദാംശങ്ങളും അതുവഴി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയും കണക്കാക്കി

സമർപ്പിക്കാൻ ഹയർ സെക്കന്ററി ഡയറക്ടറെയും വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറെയും ചുമതലപ്പെടുത്തുന്നു.

4) പ്രായോഗിക നിർദ്ദേശങ്ങളിൽ 6 നടപ്പാക്കാനാവശ്യമായ നടപടികൾ പൊതുവിദ്യാഭ്യാസ സെക്രട്ടറി കൈക്കൊള്ളുന്നതാണ്.

5) പ്രായോഗിക നിർദ്ദേശങ്ങളിൽ 7 നടപ്പാക്കാൻ ആവശ്യമായ സാമൂഹികാ-ന്തരീക്ഷം വികസിപ്പിക്കാൻ ആവശ്യമായ ആസൂത്രണം നടത്താനും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളെയും ഡിപ്പാർട്ടുമെന്റുകളെയും ഏകോപിപ്പിക്കുവാനും പൊതുവിദ്യാഭ്യാസ സെക്രട്ടറി നടപടി എടുക്കുന്നതാണ്.

6) പ്രായോഗിക നിർദ്ദേശങ്ങളിൽ 5 ലെ അക്കാദമിക അംശങ്ങളുള്ള രണ്ടാം ഭാഗവും , 8 ഉം നടപ്പാക്കാൻ ഡയറ്റുകളുടെ സഹകരണത്തോടെ ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ എസ്.സി. ഇ. ആർ. ടി.യെ ചുമതലപ്പെടുത്തുന്നു.

7) ശ്രീ. ആർ.വി.ജി. മേനോൻ കമ്മിറ്റി റിപ്പോർട്ടും സ്കൂളുകളിൽ മലയാള പഠനം നിർബന്ധിതമാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ച എസ്.സി. ഇ. ആർ. ടി. റിപ്പോർട്ടും നടപ്പാക്കുന്നത് മോണിറ്റർ ചെയ്യാൻ ആവശ്യമായ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ സെക്രട്ടറി രൂപീകരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ , എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ , എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

പൊ.ഭ (എസ്സി) വകുപ്പ് (ഇനം നം.6144 തീയതി 27.2.11 പ്രകാരം).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്: ബഹു: വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പ്രായോഗിക നിർദ്ദേശങ്ങൾ

1. മലയാളം ഒന്നാം ഭാഷയായാണ് കേരളത്തിലെ സെക്കന്ററിവരെയുള്ള സ്കൂളുകളിൽ പഠിപ്പിച്ചുവരുന്നത്. 5 മുതൽ 10 വരെ ക്ളാസുകളിൽ ഒന്നാം ഭാഷയ്ക്ക് രണ്ടു പേപ്പറുകൾ ഉണ്ട്. ഒന്നാം പേപ്പറിന് 4 പിരീഡും രണ്ടാം പേപ്പറിന് 2 പീരീഡുമാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്. സംസ്കൃതം. അറബിക്, ഉർദു ഭാഷകൾ ഒന്നാം പേപ്പറായി പഠിക്കുന്ന കുട്ടികൾ രണ്ടാം പേപ്പർ ആയിട്ടാണ് മലയാളം പഠിക്കുന്നത്. പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ ഭാഗമായി ഹൈസ്ക്കൂൾ ക്ളാസുകളിലേക്ക് രൂപപ്പെടുത്തിയിട്ടുള്ള അടിസ്ഥാനപാഠാവലികൾ മേൽപറഞ്ഞ വിഭാഗം വിദ്യാർത്ഥികളുടെ മലയാളഭാഷാപഠനം ശക്തിപ്പെടുത്താൻ പര്യാപ്തമാണെങ്കിലും അനുവദിച്ചിട്ടുള്ള പിരീഡുകൾ ഈ പുസ്തകം പഠിക്കുന്നതിന് തികയുന്നില്ല. അതിനാൽ നിലവിലുള്ള ഒന്നാം പേപ്പർ മാറ്റമില്ലാതെ നിലനിർത്തിക്കൊണ്ട് രണ്ടാം പേപ്പറിന് മൂന്നു പിരീഡ് അനുവദിക്കണം. മലയാളം ഉൾപ്പെടെ ഒന്നാം പേപ്പറായി പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഈ സൗകര്യം ഉറപ്പുവരുത്തണം. ഐ.ടി പഠനം നടപ്പിലാക്കിയതിന്റെ ഭാഗമായി 4 പീരീഡ് അനുവദിച്ചിട്ടുണ്ട്. പുതിയ പാഠ്യപദ്ധതി നിലവിൽ വന്നതോടെ ഐ.ടി ബന്ധിത വിദ്യാഭ്യാസം നടപ്പിലാക്കി. അതിനാൽ എല്ലാ വിഷയങ്ങളുടെ പഠനത്തിലും ഐ.ടി പഠനം ഉൾക്കൊള്ളുന്നുണ്ട്. ഈ സാഹചര്യത്തിൽ ഐ.ടി തിയറിക്കായി ഇപ്പോഴുള്ള രണ്ട് പീരീഡുകളിൽ ഒന്ന് ഇനി മുതൽ മലയാളത്തിനായി നീക്കിവയ്ക്കേണ്ടതാണ്.

അപ്പർ പ്രൈമറിയിലാണ് ഭാഷാപഠനത്തിന്റെ അടിത്തറ ഉറയ്ക്കേണ്ടത്. അവിടെയും രണ്ടാം പേപ്പറിന്റെ പീരീഡ് മൂന്നായി ഉയർത്തണം. ഇതിനുവേണ്ടി ആഴ്ചയിൽ ഒരു ദിവസം മറ്റു പിരീഡുകളിൽ നിന്ന് അഞ്ചു മിനിട്ടു വീതം ചേർത്ത് ഒരു പിരീഡ് കണ്ടെത്തേണ്ടതാണ്.

ഒന്നാം ഘട്ടത്തിൽ ഈ മാറ്റങ്ങൾ വരുത്തുകയും ഭാവിയിൽ മറ്റേതുഭാഷ പഠിക്കുന്നവർക്കും തത്തുല്യമായി മലയാളം പഠിക്കാൻ കഴിയുന്ന മട്ടിൽ കൂടുതൽ പഠനസമയം മലയാളത്തിന് കണ്ടെത്തുകയും വേണം.

2. ഓറിയന്റൽ സ്ക്കൂൾ. മലയാളത്തിനുപകരം രണ്ടാം പേപ്പറായി സ്പെഷ്യൽ ഇംഗ്ളീഷ് സ്വീകരിച്ച സ്കൂളുകൾ എന്നിവിടങ്ങളിൽ ഹൈസ്ക്കൂൾ വിഭാഗത്തിലെ ഐ.ടി യുടെ 3 പിരീഡുകൾ മലയാള പഠനത്തിനു മാറ്റി വയ്ക്കണം. ഈ കുറവ് നികത്താൻ സ്കൂൾ സമയത്തിനു ശേഷം ഐ.ടി. പ്രവർത്തനങ്ങൾ നടത്താൻ വിദ്യാർത്ഥികൾക്ക് അവസരം നൽകണം. അപ്പർ പ്രൈമറിയിൽ ആഴ്ചയിൽ മൂന്നു ദിവസം മറ്റു പിരീഡുകളിൽ നിന്ന് അഞ്ചു മിനിട്ടു വീതം മാറ്റി മൂന്ന് പിരീഡ് അനുവദിക്കണം.

3. അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന വിദ്യാർത്ഥികൾക്ക് മലയാളപഠനത്തിൽ ഏർപ്പെടുന്നതിന് പശ്ചാത്തലമൊരുക്കാൻ നിലവാരം തുലനപ്പെടുത്തുന്നതിനുള്ള മൂന്ന് പാഠപുസ്തകങ്ങൾ (എൽ.പി, യു.പി. എച്ച്.എസ്.) രൂപപ്പെടുത്തണം. ഈ പുസ്തകം പഠിപ്പിക്കാൻ സ്കൂളിൽ പ്രത്യേക സമയം കണ്ടെത്തേണ്ടതാണ്. 2011-12 അധ്യായന വർഷം തന്നെ ഈ പുസ്തകങ്ങൾ ലഭ്യമാക്കണം. തമിഴ്, കന്നഡ, ഗുജറാത്തി മാതൃഭാഷക്കാർക്കുള്ള സ്കൂളുകളിൽ മേൽപറഞ്ഞ പുസ്തകം ആഴ്ചയിൽ രണ്ടു പിരീഡുവീതം പഠിപ്പിക്കണം. തുടർന്നുള്ള വർഷങ്ങളിൽ അതത് ക്ളാസിലെ 'മലയാളം അടിസ്ഥാന പാഠാവലി' (മൂന്നു പിരീഡ്) തന്നെ പഠിക്കുന്നതിന് അവരെ പ്രാപ്തരാക്കണം. തുടർച്ചയായ നാലു കൊല്ലം കേരളത്തിൽ പഠിക്കാൻ അവസരം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് മേൽപ്പറഞ്ഞ നിലവാരം തത്തുല്യപ്പെടുത്തുന്നതിനുള്ള പ്രത്യേകപാഠപുസ്തകം അടിസ്ഥാനമാക്കി പത്താം ക്ളാസിലെ പൊതുപരീക്ഷ നടത്തണം. 10-ാം ക്ളാസിനോടുബന്ധിപ്പിച്ച് നാലു കൊല്ലം മലയാളം പഠിച്ചിട്ടുള്ളവർ പത്താം ക്ളാസിലേയ്ക്ക് പൊതുവിൽ നിശ്ചയിച്ചിട്ടുള്ള പാഠപുസ്തകം അടിസ്ഥാനമാക്കി പൊതുപരീക്ഷ എഴുതണം.

4. വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ നിലവിൽ ഇംഗ്ളീഷ് മാത്രമാണ് ഭാഷ എന്ന നിലയിൽ പഠിക്കാൻ അവസരമുള്ളത്. ഈ അവസ്ഥയിൽ മാറ്റം വരണം. മലയാളം പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഇംഗ്ളീഷിനുപകരം മലയാളം തിരഞ്ഞെടുക്കാൻ എല്ലാ വൊക്കേഷണൽ

ഹയർസെക്കന്ററി സ്കൂളുകളിലും അവസരം നൽകണം. ഇവിടെ ഹയർസെക്കന്ററിയിലെ പാഠപുസ്തകങ്ങൾ ഉപയോഗിച്ചാൽ മതിയാവും. ഭാഷാധ്യാപക നിയമനത്തിന്റെ കാര്യത്തിൽ ഹയർ സെക്കന്ററിയിൽ പിന്തുടരുന്ന രീതിതന്നെ ഇവിടെയും നടപ്പിലാക്കണം.

5. എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും മലയാള പഠനത്തിന് അവസരമുണ്ടാക്കണം. നിലവിലുള്ള സ്കൂളുകളിൽ മലയാള പഠനത്തിനുള്ള അവസരം ലഭ്യമാണ്. എന്നാൽ പുതുതായി ഹയർ സെക്കന്ററി കോഴ്സ് ആരംഭിച്ച ചില സ്കൂളുകളിൽ മലയാള പഠനത്തിന് അവസരമില്ല എന്ന് കാണുന്നു. ഈ സ്കൂളുകളിൽ 2011-12 അധ്യയന വർഷം പ്ലസ് വൺ-ന് മലയാളം ഉറപ്പു വരുത്തണം. ഭാവിയിൽ അനുവദിക്കുന്ന എല്ലാ ഹയർസെക്കന്ററി കോഴ്സുകളിലും രണ്ടാം ഭാഷയായി ആദ്യം അനുവദിക്കുന്നത് മലയാളമായിരിക്കണം.

ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് ഭാഷാവിഷയങ്ങൾ ഒഴികെയുള്ളവയ്ക്ക് മലയാളത്തിൽ പൊതുപരീക്ഷ എഴുതുന്നതിന് അവസരം നൽകുകയും ചോദ്യപേപ്പറുകളിൽ ദ്വിഭാഷാരീതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഈ വിഭാഗം വിദ്യാർത്ഥികളുടെ പഠനത്തിന് പ്രോത്സാഹനമായിട്ടുണ്ട്. എന്നാൽ ഇതിനു പൂരകമായി മലയാള മാധ്യമത്തിൽ നിലവാരമുള്ള പാഠപുസ്തകങ്ങൾ ഇന്ന് ലഭ്യമല്ല. അതിനാൽ എല്ലാ വിഷയങ്ങൾക്കും മലയാള ഭാഷയിലുള്ള പുസ്തകങ്ങൾ രൂപപ്പെടുത്തേണ്ടതാണ്. 2012-13 അധ്യയനവർഷം ഇവ ലഭ്യമാക്കണം.

6. സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.സി/ഐ.സി.എസ്.ഇ/ മറ്റു ബോർഡുകൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധവിഷയമായി പഠിപ്പിക്കേണ്ടതാണ്. ലോവർ പ്രൈമറി ഘട്ടത്തിൽ കേരളപാഠാവലി എട്ടു പിരീഡും അപ്പർ പ്രൈമറിയിലും ഹൈസ്കൂളിലും അടിസ്ഥാനപാഠാവലി മൂന്നു പിരീഡും പഠിപ്പിക്കേണ്ടതാണ്. നിലവിൽ ഒരു വിഷയമായി മലയാളം പഠിക്കുന്നവർക്ക് ഏഴു പിരീഡ് കേരളപാഠാവലിക്കും അടിസ്ഥാനപാഠാവലിക്കുമായി മാറ്റിവയ്ക്കണം.

7. വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 8-ാം ക്ലാസുവരെ എല്ലാ സ്കൂളുകളിലും പഠനമാധ്യമം മാതൃഭാഷയാകേണ്ടതാണ്. പലപ്പോഴും സാമൂഹിക സമ്മർദ്ദങ്ങളുടെ പേരിലാണ് സർക്കാർ സ്കൂളുകൾ ഉൾപ്പെടെയുള്ള പ്രൈമറി വിദ്യാലയങ്ങളിൽപ്പോലും ഇംഗ്ളീഷ് മാധ്യമ ഡിവിഷനുകൾ അനുവദിച്ചത്. വിദ്യാഭ്യാസാവകാശ നിയമത്തിന്റെ വെളിച്ചത്തിൽ 8-ാം ക്ലാസ് വരെ പഠനമാധ്യമം മാതൃഭാഷയാക്കുന്നതിന് പശ്ചാത്തലമൊരുക്കാൻ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. 2011-12 അധ്യയനവർഷം മാതൃഭാഷാ മാധ്യമത്തിലുള്ള പഠനത്തിന്റെ പ്രാധാന്യം സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കണം. 2012-13 മുതൽ എല്ലാത്തരം സ്കൂളുകളിലും ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ മാതൃഭാഷാ മാധ്യമത്തിലാണ് പഠിക്കേണ്ടത്. മറ്റു ബോർഡുകളുടെ അംഗീകാരത്തോടെ നടത്തുന്ന സ്കൂളുകൾ ഈ വ്യവസ്ഥ പാലിച്ചാൽ മാത്രമേ എൻ.ഒ.സി. നൽകാൻ പാടുള്ളൂ.

8. മലയാളഭാഷാപഠനം ശക്തിപ്പെടുത്തുന്നതിനും പുതിയ സാഹചര്യത്തിൽ വിവിധ ഭാഷാപശ്ചാത്തലങ്ങളിൽ നിന്നു വരുന്ന വിദ്യാർത്ഥികൾക്ക് ഉചിതമായ പഠനാനുഭവം നൽകുന്നതിനും പ്രത്യേകം അധ്യാപക പരിശീലനം നടപ്പാക്കണം.

സംസ്ഥാനത്തെ വിവിധതരം സ്കൂളുകളിലെ ഭാഷാപഠന നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള അക്കാദമിക് സംവിധാനം ക്രമീകരിക്കണം. ഇതിനായി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കേണ്ടതാണ്. ജില്ലാ തലത്തിൽ ഡയറ്റുകൾ കേന്ദ്രീകരിച്ചും ഇത് രൂപീകരിക്കണം.